LIBRARY ARCHIVES Kerala Legislative Assembly

ആധുനിക ബസ് ഷെൽട്ടറുകൾ

191 (5896) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും നഗരങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ആധുനിക ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു ബസ് ഷെൽട്ടറിന് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ; പ്രസ്തുത ഷെൽട്ടറുകളുടെ പ്രത്യേകതകൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ബസ് ബേകൾ മാത്രമാണ് പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ നിർമ്മിച്ചുവരുന്നത്. ബസ്/വെയിറ്റിംഗ് ഷെൽട്ടറുകൾ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കെ.എസ്.ആർ.ടി.സി.യുമാണ് നിർമ്മിച്ചുവരുന്നത്. തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതി പ്രകാരം കേരളാ റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് വികസിപ്പിക്കുന്ന 42 കി.മീ. റോഡിൽ ആധുനിക രീതിയിലുള്ള ബസ് ഷെൽട്ടർ സ്ഥാപിക്കുന്ന കാര്യം സജീവ പരിഗണനയിലുണ്ട്.

ആലുവ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

192 (5897) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലുവ നിയോജകമണ്ഡലത്തിൽപ്പെടുന്ന പൊതുമരാമത്ത് വകുപ്പിന്റെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തികളിൽ പ്രവൃത്തി ആരംഭിക്കാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. *

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ എല്ലാ പ്രവൃത്തികളും ആരംഭിച്ചു കഴിഞ്ഞു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്